# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2689 10.07.2015- ലെ മറുപടിക്ക്

### കേരള പരിപ്രേക്ഷ്യ പദ്ധതി 2030

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. ലൂഡീ ലൂയിസ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവുംനോർക്കയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ആസൂത്രണബോർഡ് കേരള പരിപ്രേക്ഷ്യ പദ്ധതി 2030 ന് രൂപം കൊടുത്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ; | (ബി) നോർഡിക്‌രാജ്യങ്ങളായഫിൻലാന്റ്,നോർവ്വേ ഡെൻമാർക്ക്, സ്വീഡൻ എന്നീ രാജ്യങ്ങളിലേതിന് തുല്യമായ നിലയിൽ 'സുസ്ഥിര അഭിവൃദ്ധി'കൈവരിക്കുകയാണ് പദ്ധതിപരിപ്രേക്ഷ്യം 2030 ന്റെദൗത്യം.<br>സുസ്ഥിരഅഭിവൃദ്ധിക്ക് നാല് മാനങ്ങളുണ്ട്- സാമ്പത്തിക അഭിവൃദ്ധി,മാനവിക അഭിവൃദ്ധി. സാമുഹിക അഭിവൃദ്ധിഹരിത സുസ്ഥിരത കൈവരിക്കാനുദ്ദേശിക്കുന്നലക്ഷ്യങ്ങളുടെ സംക്ഷിപ്തം അനുബന്ധമായി നൽകിയിട്ടുണ്ട് |
| (സി) പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വിശദമാക്കുമോ; | (സി) ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടുകൂടി സംസ്ഥാന ആസൂത്രണ ബോർഡ് ആണ് 'പരിപ്രേക്ഷ്യ പദ്ധതി 2030' തയ്യാറാക്കിയത്. |

| | |
|---|---|
| ഡി) ഏതെല്ലാം മേഖലകൾക്കാണ് പദ്ധതിയിൽ മുൻതൂക്കം നൽകിയിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ഡി) കൃഷി, അനുബന്ധ മേഖലകൾ,വ്യവസായം. ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി,ഗ്രാമ-നഗര വികസനം, വിവര സാങ്കേതിക വിദ്യ,വിനോദസഞ്ചാരം. ജലവിഭവം,ശാസ്ത്ര-സാങ്കേതികം,ഊർജ്ജം. തൊഴിലവസര സൃഷ്ടി, പ്രവാസികളും കുടിയേറ്റവും,പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വികസനം തുടങ്ങിയ മേഖലകൾക്ക് റിപ്പോർട്ടിൽ മുൻതൂക്കം നൽയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം:

## കേരള പരിപ്രേക്ഷ്യ പദ്ധതി 2030 ലൂടെ കൈവരിക്കുന്നതിന് വിഭാവന ചെയ്തിട്ടുള്ള ലക്ഷ്യങ്ങളുടെ സംക്ഷിപ്തം

### സാമ്പത്തിക അഭിവൃദ്ധി

- മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിൽ അടുത്ത 20 വർഷം 7.5 ശതമാനം കൂട്ടു വാർഷിക വളർച്ചാനിരക്ക് (സി.എ.ജി.ആർ) കൈവരിക്കുക.
- പ്രതിശീർഷ വരുമാനം ഇപ്പോഴത്തെ 4763 യു.എസ്. ഡോളറിൽ (2005-ലെ പർച്ചേസിംഗ് പവ്വർ പാരിറ്റി അടിസ്ഥാനമാക്കിയുള്ളത്) നിന്നും 2030-ഓടുകൂടി 19,000 യു.എസ് ഡോളറും 2040-ഓടുകൂടി 36,000 യു.എസ് ഡോളറും ആക്കി ഉയർത്തുക.
- വിവിധ മേഖലകളിൽ ലക്ഷ്യമിട്ടിട്ടുള്ള വളർച്ചാ നിരക്കുകൾ

| | |
|---|---|
| ✓ കൃഷി | : കുറഞ്ഞത് 2 % |
| ✓ ഉല്പന്ന നിർമ്മാണം | : 9% |
| ✓ നിർമ്മാണം | : 9% |
| ✓ വാർത്താവിനിമയം | : 7.5 % |
| ✓ വിദ്യാഭ്യാസ, ആരോഗ്യ മേഖലകൾ | : 10% |

### മാനവിക അഭിവൃദ്ധി (ജീവിത ഗുണമേന്മ)

- മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിൽ വിദ്യാഭ്യാസ, ആരോഗ്യ മേഖലകളുടെ വിഹിതം നിലവിലെ 11 ശതമാനത്തിൽ നിന്നും 2030-ഓടു കൂടി 15 ശതമാനമായി വർദ്ധിപ്പിക്കുക
- ഉന്നത വിദ്യാഭ്യാസത്തിലെ എൻറോൾമെന്റ് റേഷ്യോ 2030-ൽ 48 ശതമാനമായി വർദ്ധിപ്പിക്കുക
- എല്ലാവർക്കും ആരോഗ്യ സുരക്ഷിതത്വം ഉറപ്പാക്കുക
- യു.എൻ.ഡി.പി.യുടെ മാനവ വികസന സൂചികയിൽ കേരളത്തെ ഏറ്റവുംഉയർന്ന വിഭാഗത്തിലേക്ക് മാറ്റുക
- താഴെപ്പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് മികച്ച ജീവിത നിലവാരം കൈവരിക്കുക.
  - ✓ സ്മാർട്ടായ നഗര-ഗ്രാമ പ്രദേശങ്ങളുടെവളർച്ച
  - ✓ കൊച്ചിയെ ഒരു ആഗോള നഗരമാക്കി മാറ്റുക

### സാമൂഹിക അഭിവൃദ്ധി (സാമൂഹിക സമത്വം)

- തൊഴിലില്ലായ്മാ നിരക്ക് 2011-12-ലെ 9.9 ശതമാനത്തിൽ നിന്നും 2031 -ൽ 2 ശതമാനമായി കുറയ്ക്കുക. (വനിതകളുടെ തൊഴിലില്ലായ്മാ നിരക്ക് 26.2 ശതമാനത്തിൽ നിന്നും 5 ശതമാനമായി കുറയ്ക്കുക)
- സാമ്പത്തിക അസമത്വം നിർണ്ണയിക്കുന്ന ഗിനി കോയഫിഷ്യന്റ് 2009-10-ലെ 45 ശതമാനത്തിൽ നിന്നും 2031 -ൽ 23 ശതമാനമായി കുറയ്ക്കുക

- ദാരിദ്ര്യ നിരക്ക് 2011-12-ലെ 7.1 ശതമാനത്തിൽ നിന്നും 2031-ൽ 1.0 ശതമാനമായി കുറയ്ക്കുക
- സാംസ്കാരിക വൈവിധ്യമുള്ളതും സുരക്ഷിതത്വമുള്ളതും നീതിനിഷ്ഠയുള്ളതുമായ ഒരു സമൂഹമാക്കി നിലനിർത്തുക

ഹരിത സുസ്ഥിരത

- സുസ്ഥിര ഉദ്പാദന സമ്പ്രദായങ്ങളിലൂടെയും ഉപഭോഗത്തിലൂടെയും ആവാസ വ്യവസ്ഥ, ജൈവ വൈവിധ്യം, വിഭവങ്ങൾ എന്നിവയുടെ നിലവാരം ഉയർത്തുക.
- തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക
- പശ്ചിമ ഘട്ടത്തിലെ ലോക പൈതൃക ജൈവ വൈവിധ്യം സംരക്ഷിക്കുക
- കാര്യക്ഷമമായ ഉപയോഗത്തിലൂടെ 2030-ഓടുകൂടി 10 ശതമാനം വൈദ്യുതിയും കുടിവെള്ളവും ലാഭിക്കുക
- മാലിന്യത്തിന്റെ തരം അനുസരിച്ച് 60 മുതൽ 75 ശതമാനം വരെയുള്ള മാലിന്യത്തിന്റെയും പുനരുപയോഗം സാധ്യമാക്കുക
- സുസ്ഥിര വിഭവങ്ങളുടെ ഉപയോഗം കണ്ടെത്തുകയും ഉപയോഗം പരമാവധിയാക്കുകയും ചെയ്യുക.

-----

S.O